**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1199** **31-01-2024 - ൽ മറുപടിയ്ക്ക്**

**അവശകലാകാരൻമാർക്കുള്ള പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഏതൊക്കെ വിഭാഗത്തിൽപ്പെടുന്ന കലാകാരൻമാരെയാണ് അവശകലാകാരൻമാരായി കണക്കാക്കി പെൻഷൻ നൽകുന്നതെന്ന് വിശദമാക്കാമോ; | (എ) | സ.ഉ(സാധാ) നം.530/2003/സി.എ.ഡി തീയതി 31.12.2003 ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി താഴെ പറയുന്ന മേഖലയില്ലുള്ളവർക്കും അവരുടെ ആശ്രിതർക്കുമാണ് സംസ്ഥാന ചലച്ചിത്ര അക്കാദമിയിൽ നിന്നും **അവശസിനിമ കലാകാരന്മാർക്കും സാങ്കേതികജ്ഞർക്കുമുള്ള** പെൻഷൻ നൽകി വരുന്നത്.<br><br>**കലാകാരൻ**<br><br>1. നടൻ /നടി (ഫിലിം)<br><br>2.നർത്തകൻ /നർത്തകി (ഫിലിം)<br><br>3.ഗായകൻ /ഗായിക (ഫിലിം)<br><br>**സാങ്കേതികജ്ഞർ**<br><br>1. ക്യാമറാമാൻ (ഫിലിം)<br><br>2ഫിലിം എഡിറ്റർ<br><br>3.ഫിലിം സംവിധായകൻ<br><br>4.കലാ സംവിധായകൻ (ഫിലിം)<br><br>5.തിരക്കഥാകൃത്ത്<br><br>6. നൃത്തസംവിധായകൻ (ഫിലിം)<br><br>7. മേക്കപ്പ്മാൻ (ഫിലിം)<br><br>8. ശബ്ദലേഖനം ചെയ്യുന്ന ആൾ (ഫിലിം)<br><br>9. ലാബ് ടെക്നീഷൻമാർ<br><br>കലാകാരപെൻഷൻ ചട്ടങ്ങൾ (11.08.2017 ലെ സ.ഉ(കൈ)നം. 21/2017/സാം.കാ.വ) പ്രകാരം സാഹിത്യകാരന്മാർക്കും, സംഗീതം, നൃത്തം, കഥകളി, കേരളീയ ക്ഷേത്ര കലകൾ, നാടകം, കഥാപ്രസംഗം, ഹരികഥ, അക്ഷരശ്ലോകം, ചിത്രകല, ശിൽപകല, പൂരക്കളി, ബാൻഡ് വാദ്യം, നാടൻകലകൾ, മേള പ്രമാണിമാർ എന്നിങ്ങനെയുള്ള |

കലാരംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള കലാകാരന്മാർക്കും ചുവടെ ചേർത്തിട്ടുള്ള കേരളീയ ക്ഷേത്ര കലകളിൽ ഉൾപ്പെട്ട കലാകാരന്മാർക്കും സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയത്തിൽ നിന്ന് കലാകാര പെൻഷൻ നൽകി വരുന്നു.

കേരളീയ ക്ഷേത്ര കലകൾ

1. വാദ്യകലകൾ - മദ്ദളം, ചെണ്ട, തിമില, ഉടുക്ക്, കറുങ്കുഴൽ, നാദസ്വരം, കുഴിത്താളം, ചേങ്ങില, മിഴാവ് , ഇടയ്ക്ക, തകിൽ, കൊമ്പ്.

2. ക്ലാസിക് കലകൾ - പാഠവം, കൂത്ത്, കൂടിയാട്ടം കൃഷ്ണനാട്ടം, ഓട്ടൻതുള്ളൽ, കഥകളി, തിടമ്പ്, നൃത്തം, പുരാണപാരായണം, തോറ്റംപാട്ട്, സോപാന സംഗീതം.

3. ക്ഷേത്ര ശില്പകല - തടി, കരിങ്കല്ല് മുതലായവയിലെ കൊത്തുപണികൾ (കാർവിംഗ്) തുടങ്ങിയവ.

4. ചിത്രകല - ഭിത്തി ചിത്രങ്ങൾ (മ്യൂറല്ലുകൾ) കളമെഴുത്ത്, തെയ്യം, തിറ മുതലായ കലകളുടെ മുഖമെഴുത്ത്, അലങ്കാരങ്ങൾ മുതലായ ചിത്രപ്പണികൾ.

5. നാടൻകലാരൂപങ്ങൾ - തെയ്യം, തിറ, പടയണി, മുടിയേറ്റ്, യക്ഷഗാനം, പൂരക്കളി, കാക്കാരിശ്ശിനാടകം, കണ്യാർകളി, പരിചമുട്ടുകളി, കോൽക്കളി, പൂതനും തിറയും, തിരിയുടിച്ചിൽ, ആവാമികളി, ചിന്മാനക്കളി, നിണബലി, കളമെഴുത്തും പാട്ടും, കെന്ത്രാൽപാട്ട്, കോതാമൂരി, അർജ്ജുനനൃത്തം, കുത്തിയോട്ടം, വേലകളി, പലവിധം പാട്ടുകൾ, മുടിയാട്ടം, കളരിപ്പയറ്റ്, പുള്ളുവൻ പാട്ട്, ഭഗവതി പാട്ട്, ഒപ്പന, ദഫ് മുട്ട്, അറബനമുട്ട്, മുട്ടും വിളിയും, മാർഗം കളി.

6. ആദിവാസി കലകൾ - പലതരം ആദിവാസി നൃത്തങ്ങൾ, വാദ്യം, സംഗീതം, വാമൊഴി, രൂപങ്ങൾ (ഗദ്ദിക, പൂജ ഗദ്ദിക, വട്ടക്കളി, തുടി, മാരി നീക്കൽ കംബകളി എന്നീ ഗോത്രകലകൾ)

(ബി) നിലവിൽ എത്ര പേർക്കാണ് പെൻഷൻ നൽകി വരുന്നതെന്ന് ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ?

(ബി) 2023 ഡിസംബറിൽ സംസ്ഥാന ചലച്ചിത്ര അക്കാദമിയിൽ നിന്നും ആകെ 208 പേർക്കാണ് പെൻഷൻ നൽകിയത്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | കലാകാരന്മാരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 89 |
| 2. | കൊല്ലം | 6 |
| 3. | പത്തനംതിട്ട | 1 |
| 4. | കോട്ടയം | 2 |
| 5. | ആലപ്പുഴ | 14 |
| 6. | എറണാകുളം | 9 |
| 7. | തൃശ്ശൂർ | 2 |
| 8. | പാലക്കാട് | 2 |
| | | |

| | | |
|---|---|---|
| 9. | കോഴിക്കോട് | 3 |
| 10. | കണ്ണൂർ | 1 |
| 11. | കാസർഗോഡ് | 1 |
| 12 | ചെന്നൈ | 78 |
| **ആകെ** | | **208** |

ഇതിൽ 130 പേർ കേരളത്തിലും ബാക്കി 78 പേർ ചെന്നൈയിൽ താമസിക്കുന്ന മലയാളി കലാകാരന്മാരുമാണ്.

2023 ഡിസംബർ മാസത്തെ കണക്ക് പ്രകാരം സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയത്തിൽ നിന്നും 2243 കലാകാരന്മാർക്ക് കലാകാര പെൻഷൻ നൽകി വരുന്നുണ്ട്.

| ക്രമ നമ്പർ | ജില്ല | കലാകാരന്മാരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 572 |
| 2. | കൊല്ലം | 176 |
| 3. | പത്തനംതിട്ട | 28 |
| 4. | ആലപ്പുഴ | 488 |
| 5. | കോട്ടയം | 66 |
| 6. | ഇടുക്കി | 12 |
| 7. | എറണാകുളം | 160 |
| 8. | തൃശ്ശൂർ | 135 |
| 9. | പാലക്കാട് | 220 |
| 10. | മലപ്പുറം | 45 |
| 11. | കോഴിക്കോട് | 120 |
| 12. | വയനാട് | 1 |
| 13. | കണ്ണൂർ | 163 |
| 14. | കാസർഗോഡ് | 57 |
| **ആകെ** | | **2243** |

സെക്ഷൻ ഓഫീസർ